പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3524

10/04/2013-ൽ
മറുപടിയ്ക്ക്

## ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി സംസ്ഥാനത്തെ എത്ര പ്രവർത്തികൾ ആരംഭിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത് ; | (എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി സംസ്ഥാനത്ത് 74 കുടിവെള്ള പദ്ധതികളും, 54 ചെക്ക്ഡാം നിർമ്മാണ പദ്ധതികളുമാണ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവർത്തികളാണ് ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഓരോ പ്രവർത്തിക്കും എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | (ബി) 1. പൂഴിത്തോട് - മാവട്ടം ചെക്ക്ഡാം- ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് - 20 ലക്ഷം രൂപ<br>2. മങ്ങാട്ടുപടി ചെക്ക്ഡാം - തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് - 30 ലക്ഷം രൂപ<br>3.വിളപ്പിൽപ്പോയിൽ കുടിവെള്ള പദ്ധതി - താമരശ്ശേരി ഗ്രാമ പഞ്ചായത്ത് - 30 ലക്ഷം രൂപ<br>4. സീതപ്പാറ കുടിവെള്ള പദ്ധതി - ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് - 30 ലക്ഷം രൂപ<br>5.പീടികപ്പാറ റൂറൽ കുടിവെള്ള പദ്ധതി -കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് - 14 ലക്ഷം രൂപ<br>6. കൽപ്പിനി റൂറൽ കുടിവെള്ള പദ്ധതി - കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് - 26 ലക്ഷം രൂപ<br>7.വട്ടച്ചിറ മിച്ച ഭൂമി കുടിവെള്ള പദ്ധതി - കൂരച്ചുണ്ട് ഗ്രാമ പഞ്ചായത്ത് - 60 ലക്ഷം രൂപ |
| (സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) പ്രസ്തുത പദ്ധതികൾ എല്ലാം പ്രാരംഭ പ്രവർത്തന ഘട്ടങ്ങളിലാണ്. |

Bijumon

സെക്ഷൻ ഓഫീസർ